**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4663** | **10-08-2021 - ൽ മറുപടിയ്ക്ക്**

**മൈതാനങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായിക പ്രേമികൾക്ക് ആവശ്യമായ ഗ്രൗണ്ടുകളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) | ഉണ്ട്. കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ബഡ്ജറ്റ് വിഹിതം ഉപയോഗിച്ചും, കിഫ്ബി ധനസഹായത്തോട്ടു കൂടിയും നിരവധി കളിസ്ഥലങ്ങൾ നിർമ്മിച്ചു വരികയാണ്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ആകെ 58 സ്റ്റേഡിയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം പൂർത്തിയാക്കിയിട്ടുണ്ട്. മൈതാനങ്ങൾ ഇല്ലാത്ത പഞ്ചായത്തുകൾ കണ്ടെത്തി അവിടങ്ങളിൽ മൈതാനങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. സ്വന്തമായി ഭൂമി ഇല്ലാത്ത പഞ്ചായത്തുകളിലെ സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുമായോ ബന്ധപ്പെട്ട സ്ഥലങ്ങളിൽ കളിക്കളങ്ങൾ നിർമ്മിക്കുന്നതും സർക്കാർ പരിഗണനയിലാണ്. |
| (ബി) | വിദ്യാലയങ്ങളിലെ മൈതാനം സംരക്ഷിക്കുന്നതിന് കായികവകുപ്പ് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം ലഭ്യമാക്കുമോ; | (ബി) | വിദ്യാലയങ്ങളിലെ മൈതാനങ്ങളുടെ നവീകരണത്തിനായി നിലവിൽ കായിക വികസനനിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കാറുണ്ട്. |
| (സി) | കായിക വിദ്യാഭ്യാസം അക്കാദമിക വിദ്യാഭ്യാസത്തിനും ഒരു വ്യക്തിയെ രൂപപ്പെടുത്തുന്നതിനും എത്രത്തോളം സഹായിക്കുന്നുണ്ടെന്ന് ബോധ്യപ്പെടുത്തുന്ന പരിപാടികൾ വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ